## സ്റ്റേറ്റ് റിസോഴ്സ് സെന്റർ, കേരളം

## എസ്.ആർ.സി. കമ്മ്യൂണിറ്റി കോളേജ്

## സർട്ടിഫിക്കറ്റ് ഇൻ റിസർച്ച് മെത്തഡോളജി & ഡാറ്റാ അനാലിസിസ് (CRMD)

### 2026 ജൂലൈ സെഷൻ

### പ്രവേശന പത്രിക

സ്റ്റേറ്റ് റിസോഴ്സ് സെന്റർ, കേരളയുടെ അഭിമുഖ്യത്തിൽ 2026 ജൂലൈ സെഷനിൽ ആരംഭിക്കുന്ന സർട്ടിഫിക്കറ്റ് ഇൻ റിസർച്ച് മെത്തഡോളജി & ഡാറ്റാ അനാലിസിസ് പ്രോഗ്രാമിലേക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. കോഴിക്കോട് ആസ്ഥാനമായുള്ള മീഡിയ അനാലിസിസ് ആൻഡ് റിസർച്ച് സെന്റർ വഴിയാണ് ഈ സർട്ടിഫിക്കറ്റ് പ്രോഗ്രാം നടത്തുന്നത്. ആറുമാസമാണ് സർട്ടിഫിക്കറ്റ് പ്രോഗ്രാമിന്റെ കാലാവധി. പ്രോഗ്രാമിന്റെ ഉള്ളടക്കത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. RM001: Introduction to Research
2. RM002: Statistics for Research
3. RM003: Proposal Development and Report Writing
4. RMP01: Project and Workshop Based Training

ഓരോ വിഷയത്തിനും തയ്യാറാക്കിയിട്ടുള്ള സ്വയംപഠന സഹായികൾ, ഓൺലൈൻ വഴി നടത്തുന്ന തിയറി ക്ലാസുകൾ, പ്രായോഗിക പരിശീലനം ലഭ്യമാക്കുന്നതിന് രണ്ട് മുതൽ മൂന്ന് ദിവസം വരെ നീണ്ടു നിൽക്കുന്ന ശിൽപ്പശാല എന്നിവയിലൂടെ കോഴ്സിന്റെ പഠനം പുരോഗമിക്കുന്നതാണ്. എഴുത്തുപരീക്ഷകൾ, അസൈൻമെന്റുകൾ, പ്രായോഗിക പരിശീലന വിലയിരുത്തലുകൾ, പ്രോജക്ട് വർക്ക് എന്നിവയിലൂടെയാണ് പ്രോഗ്രാമിന്റെ മൂല്യനിർണ്ണയം നടത്തുന്നത്. പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കുന്നതിനായി 70 ശതമാനം ഹാജർ ഉറപ്പുവരുത്തണം.

ഗവേഷകർ, ഗവേഷക-ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ, അധ്യാപകർ, സന്നദ്ധ സംഘടന പ്രവർത്തകർ, വിവിധ പദ്ധതികളിലെ സ്റ്റാഫംഗങ്ങൾ, ഗവേഷണ പ്രവർത്തനങ്ങളിൽ താത്പര്യമുള്ളവർ എന്നിവർക്ക് ഗവേഷണത്തിന്റെ രീതിശാസ്ത്രത്തിലും ഡാറ്റാ വിശകലനത്തിലും പ്രായോഗിക ജ്ഞാനം ലഭ്യമാക്കുന്നതിന് സഹായകരമായ രീതിയിലാണ് ഈ പ്രോഗ്രാം ക്രമീകരിച്ചിരിക്കുന്നത്. പ്രോഗ്രാമിന് അപേക്ഷിക്കുന്നതിനുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത ആണ്. പ്രോഗ്രാമിന്റെ ആകെ ഫീസ് ₹7,500/- ആണ്. അപേക്ഷാ ഫീസിനത്തിൽ ₹200/- കൂടി ചേർത്ത് ആകെ ₹7,700/- രൂപ അപേക്ഷ സമർപ്പിക്കുമ്പോൾ അടയ്ക്കേണ്ടതാണ്. ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനായി https://src.kerala.gov.in എന്ന ലിങ്ക് ഉപയോഗിക്കണം. അപേക്ഷയോടൊപ്പം ഫോട്ടോ, ആധാർ കാർഡ്, വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവ നിർബന്ധമായും സമർപ്പിക്കണം. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2026 ജൂലൈ 31 ആണ്. വിശദവിവരങ്ങൾ തിരുവനന്തപുരം നന്ദാവനത്തുള്ള എസ്.ആർ.സി. ഓഫീസിൽ നിന്ന് നേരിട്ടും ലഭിക്കും. വിലാസം: ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, നന്ദാവനം, വികാസ്ഭവൻ പി. ഒ., തിരുവനന്തപുരം-33. ഫോൺ നം: 0471-2325101,

8281114464, 7624962294. വിശദാംശങ്ങൾ www.srccc.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്. പഠന കേന്ദ്രത്തിന്റെ വിശദാംശങ്ങളും ബന്ധപ്പെടേണ്ട ഫോൺ നമ്പറും ചുവടെ ചേർക്കുന്നു.



ഡയറക്ടർ

| **Study Centre affiliated with SRC, Kerala for offering Certificate in Research Methodology and Data Analysis (CRMD)** | | | |
|---|---|---|---|
| **Sl. No.** | **District** | **Name of Study Centre** | **Contact Number** |
| 1 | Kozhikode | Media Analysis and Research Centre, Koyilandy, Kozhikkode, Pin-673305 | 7624962294 |